ഭരണഭാഷ-മാതൃഭാഷ

ICDS/B5-11516/20

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 22-01-2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

# പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുമ്പോൾ നെൽ വയൽ, നിലം, തണ്ണീർതടങ്ങൾ എന്നിവ ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന : ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി ശ്രീ.V.S. സുനിൽകുമാർ സമർപ്പിച്ച നിവേദനം.

സംസ്ഥാനത്ത് സ്വന്തം കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുമ്പോൾ നെൽ വയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നീ രീതിയിലുള്ള സ്ഥലങ്ങൾ ശിശു വികസന പദ്ധതി ഓഫീസർമാർ ശുപാർശ ചെയ്യുന്ന സാഹചര്യം താരതമ്യേന അധികമായി കണ്ട് വരുന്നതായി ബഹുമാനപ്പെട്ട കൃഷി മന്ത്രി സൂചന പ്രകാരം അറിയിക്കുകയും, വളരെ ചെറിയ തുണ്ട് ഭൂമി മാത്രം അങ്കണവാടിയ്ക്ക് വേണ്ടി നെൽവയൽ ഉടമസ്ഥർ ദാനം ചെയ്യുന്നതും പഞ്ചായത്തുകൾ വാങ്ങുന്നതും ഒറ്റനോട്ടത്തിൽ നിരുപദ്രവകരമാണെന്ന് തോന്നാമെങ്കിലും പലപ്പോഴും ഇത് പാടശേഖരങ്ങളുടെ പൂർണ്ണമായ നാശത്തിന് തന്നെ കാരണമാകുമെന്ന ആശങ്ക കൂടി മന്ത്രി അറിയിക്കുകയും ചെയ്തിരിക്കുന്നു.

കെട്ടിട നിർമ്മാണത്തിനായി നിലം നികത്തുമ്പോൾ സമീപമുള്ള നെൽവയലുകൾ നികന്ന്പോകുന്നതിന് കാരണമാവുകയും പാടശേഖരത്തിന്റെ നടുക്ക് അങ്കണവാടി കെട്ടിടം നിർമ്മിച്ച് കഴിയുമ്പോൾ അതിലേയ്ക്ക് റോഡ് സൗകര്യം വേണമെന്ന് പ്രാദേശിക ആവശ്യം ഉയരുകയും ആയത് ഗത്യന്തരമില്ലാതെ അനുവദിക്കേണ്ടി വരുന്നതും നെൽ വയൽ വലിയതോതിൽ നികന്നു പോകുന്നതിന് കാരണമാകുന്നു.

ഈ സാഹചര്യത്തിൽ അങ്കണവാടി നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുമ്പോൾ(സർക്കാർ/സ്വകാര്യ ഭൂമി ഏതാണെങ്കിലും) നിലം/നെൽവയൽ/ തണ്ണീർത്തടം എന്നിവ തെരഞ്ഞെടുക്കരുതെന്ന് നിർദ്ദേശിക്കുന്നു. ഒഴിച്ചുകൂടാനാകാത്ത

സാഹചര്യത്തിൽ ഇത്തരം സ്ഥലം തെരെഞ്ഞെടുക്കേണ്ടി വന്നാൽ നെൽ വയൽ തണ്ണീർത്തട നിയമത്തിനു കീഴിൽ പൊതു ആവശ്യത്തിന് ഭൂമി നികത്തുന്നതിനുള്ള അനുമതി ലഭ്യമായതിനു ശേഷം മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവൂ എന്നും വ്യക്തമാക്കുന്നു.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും.
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
എല്ലാ ICDS സൂപ്പർവൈസർമാർക്കും.

Gk/